## കേരള മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം, തിരുവനന്തപുരം

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - അനധികൃതമായി സർക്കാർ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്ന അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആന്റണി പി. സി. യുടെ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്ത് ടിയാളെ സർക്കാർ സേവനത്തിൽ നിന്നും ഡിസ്ചാർജ് ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം :-
1. കേരള പബ്ലിക് സർവീസ് കമ്മീഷൻറെ കത്ത് നം. **RIE-1/18/2024-KPSC** തീയതി **18.11.2024**
2. നിയമന ഉത്തരവ് നം. ഡിഎംഇ/**183/2019**-എഫ്**4** തീയതി **16.12.2024**
3. ഇടുക്കി മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ കത്ത് നം. ഇ/**7676/2024**/ജിഎംസിഐ തീയതി **17.06.2025**
4. കാരണം കാണിക്കൽ നോട്ടീസ് നം. മെ.വി.വ./**5532(1)/2025**-എഫ്**4** തീയതി **23.08.2025**
5. കത്ത് നം. മെ.വി.വ./**5532(3)/2025**-എഫ്**4** തീയതി **12.11.2025**
6. പബ്ലിക് റിലേഷൻസ് വിഭാഗം ഡയറക്ടറുടെ കത്ത് നം. **R. O./590/F2/2025/I&PRD** തീയതി **14.11.2025**

### ഉത്തരവ് നമ്പർ. മെ.വി.വ./5532/2025-എഫ്4 തീയതി: 22-01-2026

കേരള പബ്ലിക് സർവീസ് കമ്മീഷൻറെ പരാമർശം **(1)** നിയമന ശുപാർശയുടെ അടിസ്ഥാനത്തിൽ ആലപ്പുഴ പുന്നപ്ര പൂന്ത്രാശേരിൽ ഹൗസിൽ ഡോ. ആന്റണി പി. സി. ക്ക് പരാമർശം **(2)** പ്രകാരം ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗത്തിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി നിയമനം നൽകിയിരുന്നു. **27.12.2024** തീയതിയിൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിൽ ജോലിയിൽ പ്രവേശിച്ച ടിയാൾ **28.12.2024** മുതൽ **27.03.2025** വരെ **90** ദിവസത്തെ ശൂന്യവേതനാവധിയ്ക്ക് അപേക്ഷിയ്ക്കുകയും ആയത് പ്രിൻസിപ്പാൾ തലത്തിൽ അനുവദിച്ച് നൽകുകയും ചെയ്തിരുന്നു. എന്നാൽ **28.03.2025** ന് ടിയാൾ ജോലിയിൽ തിരികെ പ്രവേശിച്ചില്ല എന്ന് പ്രിൻസിപ്പാൾ അറിയിയ്ക്കുകയുണ്ടായി. **7** ദിവസത്തിനകം സർവീസിൽ തിരികെ പ്രവേശിക്കാൻ നിർദ്ദേശിച്ച് നോട്ടീസ് നൽകിയിട്ടും ടിയാൾ ജോലിയിൽ തിരികെ പ്രവേശിയ്ക്കുകയോ ജോലിയിൽ പ്രവേശിയ്ക്കാത്തതിന്റെ കാരണം ബോധിപ്പിയ്ക്കുകയോ ചെയ്തിട്ടില്ല എന്ന് പ്രിൻസിപ്പാൾ അറിയിച്ചതനുസരിച്ച് പരാമർശം **4** പ്രകാരം ഈ കാര്യാലയത്തിൽ നിന്നും കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ആയതിനും ടിയാൾ മറുപടി

ലഭ്യമാക്കിയിട്ടില്ല.

പ്രൊബേഷൻ പൂർത്തിയാക്കാത്ത ഡോക്ടർമാർക്കെതിരായ അച്ചടക്ക നടപടി നിയമനാധികാരി തലത്തിൽ തന്നെ പൂർത്തിയാക്കി ടിയാൾക്കാരെ സർവീസിൽ നിന്നും നീക്കം ചെയ്യാവുന്നതാണെന്ന സർക്കാർ നിർദേശ പ്രകാരം, ഡോ. ആന്റണി പി. സി. ക്ക് എതിരെയുള്ള അച്ചടക്ക നടപടി തുടരുകയും ആയതിൻറെ അവസാന നടപടി എന്ന നിലയിൽ ടിയാൾക്കെതിരെയുള്ള കാരണം കാണിക്കൽ നോട്ടീസ് പത്രമാധ്യമങ്ങളിലും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻറെ വെബ്സൈറ്റിലും പ്രസിദ്ധീകരിയ്ക്കുകയും ചെയ്തിരുന്നു. കാരണം കാണിക്കൽ നോട്ടീസിനു മറുപടി നൽകാത്ത പക്ഷം ഇനിയൊരറിയിപ്പ് കൂടാതെ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതാണെന്നും അതിനുശേഷം ഭാവിയിൽ ടിയാളുടെ യാതൊരു ക്ലെയിമും നിലനിൽക്കുന്നതല്ല എന്നും അറിയിച്ചിരുന്നു. എന്നാൽ നിശ്ചിത സമയ പരിധി കഴിഞ്ഞിട്ടും ടിയാൾ കാരണം കാണിയ്ക്കൽ നോട്ടീസിനു മടുപടി നൽകുകയോ സർവിസിൽ തിരികെ പ്രവേശിയ്ക്കുകയോ ചെയ്തിട്ടില്ല.

ഡോ. ആന്റണി പി. സി. യുടെ ജോലിയിൽ നിന്നുള്ള അനധികൃതമായ വിട്ടു നിൽക്കൽ ഇടുക്കി സർക്കാർ മെഡിക്കൽ കോളേജിലെ അനസ്തേഷ്യോളജി വിഭാഗത്തിൻറെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതിന് കാരണമായിട്ടുണ്ട്. ജോലിയിൽ പ്രവേശിച്ചതിന്റെ അടുത്ത ദിവസം മുതൽ സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നതിനാൽ ടിയാളുടെ സേവനം ക്രമീകരിയ്ക്കാനുമായിട്ടില്ല. ഒരു പ്രൊബേഷണർ എന്ന നിലയിൽ സർക്കാർ സർവീസിൽ തിരികെ പ്രവേശിക്കുന്നതിനുള്ള യാതൊരുവിധ ഇടപെടലുകളോ ആശയവിനിമയങ്ങളോ നാളിതുവരെയായി ഡോ. ആന്റണി പി. സി. നടത്തിയിട്ടില്ല. മാത്രവുമല്ല, **28.03.2025** മുതൽ ജോലിയിൽ നിന്നും അനധികൃതമായി വിട്ടു നിൽക്കുന്ന ഡോ. ആന്റണി പി. സി. ക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകി മതിയായ അവസരവും സമയവും നൽകിയിട്ടും അനധികൃതാവധിയിൽ തുടരുന്നതിനുള്ള കാരണം ബോധിപ്പിക്കുകയോ, സർക്കാർ സർവീസിൽ തുടരുന്നതിനുള്ള ആഗ്രഹം പ്രകടിപ്പിക്കുകയോ ചെയ്തിട്ടില്ല. കാരണം കാണിക്കൽ നോട്ടീസ്, കൈപ്പറ്റിയ ശേഷവും നാളിതുവരെയായി വിശദീകരണമോ, മറുപടിയോ നൽകാതിരുന്നതിലൂടെ ടിയാൾക്ക് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തുടരാൻ താല്പര്യമില്ല എന്ന കാര്യം വ്യക്തമാണ്. മാത്രവുമല്ല, നിരീക്ഷണകാലയളവിൽ അച്ചടക്കമുള്ള ഒരു സർക്കാർ ജീവനക്കാരൻറെ ഭാഗത്തുനിന്നും ഉണ്ടാകേണ്ട ഉത്തരവാദിത്തങ്ങൾ പാലിക്കുന്നതിലും സ്വന്തം കൃത്യനിർവവഹണത്തിലും ഡോ. ആന്റണി പി. സി. വീഴ്ച വരുത്തിയതായി കാണുന്നു. പൂർണ്ണമായ കൃത്യ നിർവ്വഹണബോധത്തോടെയും ആത്മാർത്ഥയോടെയും അർപ്പണമനോഭാവത്തോടെയും സേവനമനുഷ്ഠിക്കുന്ന മറ്റ് ഡോക്ടർമാർക്കും പൊതുസമൂഹത്തിനും ഇത്തരം പ്രവർത്തികൾ മാതൃകാപരമല്ലെന്ന് കാണുന്നതിനാൽ ഡോ. ആന്റണി പി. സി. യെ സർക്കാർ സർവീസിൽ നിന്നും നീക്കം ചെയ്യുന്നതിനുള്ള താത്കാലിക തീരുമാനം സ്ഥിരപ്പെടുത്തുന്നു.

ഈ സാഹചര്യത്തിൽ, **28.03.2025** മുതൽ അനധികൃതാവധിയിൽ തുടരുന്ന അനസ്തേഷ്യോളജി വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഡോ. ആന്റണി പി. സി. യുടെ നിരീക്ഷണകാലയളവ് കേരള സ്റ്റേറ്റ് **&** സബോഡിനേറ്റ് സർവീസ് റൂൾസ് ഭാഗം II ചട്ടം **19(a)** II പ്രകാരം ടിയാളെ സർക്കാർ സർവീസിൽ നിന്ന് നീക്കം ചെയ്ത് ഇതിനാൽ ഉത്തരവാകുന്നു.ടിയാളുടെ സേവന കാലയളവ് യാതൊരു തരത്തിലുള്ള ആനുകൂല്യങ്ങൾക്കും പരിഗണിക്കുന്നതല്ല . ടിയാൾക്ക് ഏതെങ്കിലും തരത്തിലുള്ള ബാധ്യത/ ബോണ്ടഡ് ഒബ്ലിഗേഷൻ കുടിശ്ശിക ഉള്ളപക്ഷം ആയത് ചട്ടപ്രകാരം ഈടാക്കുന്നതാണ്.

Digitally signed by
VISWANATHAN K V
Date: 22-01-2026
07:01:00

**Dr Viswanathan K V**

**DIRECTOR**

സ്വീകർത്താവ്:- **1.** ഡോ. ആന്റണി പി. സി., പൂന്ത്രാശേരിൽ ഹൗസ്, പുന്നപ്ര, ആലപ്പുഴ- **688 004**

പകർപ്പ്:

1. അഡീഷണൽ ചീഫ് സെക്രട്ടറി, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
3. സെക്രട്ടറി, കേരള പബ്ലിക് സർവീസ് കമ്മിഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്, ഇടുക്കി
5. ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ/ഐ.ടി.സെൽ (ഡി.എം.ഇ യുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)